# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3275** **08.11.2019 ൽ മറുപടിയ്ക്ക്**

**പഴം - പച്ചക്കറി ഉല്പാദനവും വ്യാപനവും വർദ്ധിപ്പിക്കുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

എ) പച്ചക്കറി കൃഷി വ്യാപനത്തിനും പഴം പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

എ) പച്ചക്കറി വ്യാപനത്തിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2) മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും
3) സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
4) ജില്ലാ ക്ലസ്റ്റർ വികസനം
5) ഗ്രേഡഡ്ക്ലസ്റ്ററുകളുടെ വികസനം:
6) ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം
7) നഴ്സറികൾ സ്ഥാപിക്കൽ:
8) പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണംതുടങ്ങിയവ
9) സൂക്ഷ്മജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും
10) പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം.
11) കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ്

ക്ലസ്റ്ററുകൾക്കുള്ള ധനസഹായം

12) മഴമറ നിർമ്മാണം

13) വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം

<u>വി.എഫ്.പി.സി.കെ. വഴി നടപ്പാക്കുന്ന പദ്ധതികൾ</u>

1. പച്ചക്കറി വിത്തുൽപാദന പദ്ധതി.
2. പച്ചക്കറി തൈ ഉൽപാദന പദ്ധതി
3. നാടൻ/ പരമ്പരാഗത പച്ചക്കറികളുടെ വിത്ത് ഉൽപാദനവും വിതരണവും
4. പച്ചക്കറി കൃഷി വികസന പദ്ധതി 2019-20
5. വിള വികസന പദ്ധതി
6. ജൈവ പച്ചക്കറി വികസന പദ്ധതി
7. ഹരിതനഗരിപദ്ധതി

പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാനത്തെ ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം 2019-20 ലെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷി വ്യാപനത്തിനായുള്ള ഹൈബ്രീഡ് പച്ചക്കറി കൃഷി വ്യാപനത്തിനായുള്ള പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ വാഴ, കൈതച്ചക്ക, വാഴ (ടിഷ്യൂകൾച്ചർ), പപ്പായ, മാവ്, പ്ലാവ്, കശുമാവ് എന്നിവയുടെ വിളവിസ്തൃതി വ്യാപനത്തിന് ധനസഹായം നൽകി വരുന്നു.

ബി) സംസ്ഥാനത്ത് വേനൽക്കാല വിളയായി കൃഷി ചെയ്യുന്ന പച്ചക്കറിയിനങ്ങൾ ശേഖരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിനു ഏതെല്ലാം പദ്ധതികൾ കൃഷി വകുപ്പിന്റെ ചുമതലയിൽ നടന്നുവരുന്നു എന്ന് വിശദീകരിക്കാമോ;

ബി) ഹോർട്ടികോർപ്പ് ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ലഭിച്ച ഫണ്ട് വിനിയോഗിച്ച് തിരുവനന്തപുരം ജില്ലാ സംഭരണ കേന്ദ്രമായ ആനയറയിൽ ഒരു കട്ട് വെജിറ്റബിൾ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതു കൂടാതെ ആനയറയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത യൂണിറ്റുകളിലൂടെ പഴം പച്ചക്കറി ഉണക്കി സംസ്കരിച്ച് വിപണനം നടത്തുന്നതിനാണ് ഹോർട്ടികോർപ്പ് ലക്ഷ്യമിടുന്നത്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കേരള- യുടെ കീഴിലും മറ്റ് വെജിറ്റബിൾ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

സി) കർഷകന് ന്യായമായ വില നൽകി ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് ചന്തകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

സ) കർഷകന് ന്യായവില ഉറപ്പാക്കുന്നതിനും, ഫലപ്രദമായ വിപണി ഇടപെടൽ നടത്തുന്നതിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ ജില്ലാസംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക

വഴി കർഷകർക്ക് നേരിട്ട് ഉല്പന്നങ്ങൾ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുവാനും, ലേല സംവിധാനത്തിലൂടെ പച്ചക്കറികൾ വിറ്റഴിക്കുവാനും കഴിയുന്നുണ്ട്. ഇതിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കാൻ സാധിച്ചു വരുന്നുണ്ട്.

തിരുവനന്തപുരം (ആനയറ, നെടുമങ്ങാട്), എറണാകുളം (മരട്, മൂവാറ്റുപുഴ), കോഴിക്കോട് (വേങ്ങേരി), വയനാട് (സുൽത്താൻ ബത്തേരി) എന്നിവിടങ്ങളിലായി 6 കാർഷിക മൊത്ത വ്യാപര വിപണികളും ലേലാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു.

ഇതിന് പുറമേ ഉത്പാദക കേന്ദ്രങ്ങൾക്ക് സമീപം തന്നെ വിപണന സൗകര്യം ഏർപ്പെടുത്തുന്നത് കർഷകരുടെ വ്യവഹാര ച്ചെലവുകൾ കുറയ്ക്കുമെന്നതിനാൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുൻകൈയ്യെടുത്ത് വിപണി വികസന പദ്ധതി പ്രകാരം 400 ആഴ്ച ചന്തകൾ രൂപീകരിച്ചിട്ടുണ്ട്. ജൈവ കൃഷി മുറകളിലൂടെ ഉത്പാദിപ്പിക്കപ്പെട്ട പഴം-പച്ചക്കറികൾ വിറ്റഴിക്കുന്നതിനായി 454 ഇക്കോഷോപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതിയുടെ 26 വിപണികളും, 128 ക്ലസ്റ്റർ വിപണികളും സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

ഉത്സവകാലങ്ങളായ ഓണം, വിഷു സീസണുകളിൽ തുറന്ന വിപണിയിലെ വില പിടിച്ചു നിർത്തുന്നതിനും, കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കുന്നതിനും ഓണസമൃദ്ധി, വിഷുക്കണി എന്ന പേരിൽ താൽക്കാലിക ചന്തകളും വകുപ്പ് നടത്തി വരുന്നു. ഈ ചന്തകളിലൂടെ വിറ്റഴിക്കുവാൻ ശേഖരിക്കുന്ന പച്ചക്കറികൾ പ്രാദേശികമായി 10 ശതമാനം അധികം വില നൽകി സംഭരിക്കുകയും, 30 ശതമാനം വില കുറച്ച് ഉപഭോക്താക്കൾക്ക് നൽകുകയും ചെയ്തു വരുന്നു. നല്ല കാർഷിക പരിപാലന മുറകളിലൂടെ ഉത്പാദിപ്പിച്ച പച്ചക്കറികൾക്ക് തുറന്ന വിപണിയിലെ സംഭരണ വിലയുടെ 10 ശതമാനം അധിക വില നൽകി സംഭരിക്കുകയും, 20 ശതമാനം വില കുറച്ച് ഉപഭോക്താക്കൾക്ക് നൽകുകയും ചെയ്യുന്നു.

ഹോർട്ടികോർപ്പ് കർഷകർക്ക് ന്യായ വില നൽകി പച്ചക്കറികൾ സംഭരിക്കുന്നതിനായി കാസർഗോഡ് ഒഴികെയുള്ള എല്ലാ ജില്ലകളിലും ജില്ലാ സംഭരണ കേന്ദ്രങ്ങളും/ ഉപകേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകർ, കർഷക

കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക വിപണികൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവയിലൂടെയാണ് ഹോർട്ടികോർപ്പ് ന്യായവില നൽകി പച്ചക്കറികൾ സംഭരിക്കുന്നത്. കാസർഗോഡ് ജില്ലയിൽ സംഭരണ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

Mayal

**സെക്ഷൻ ഓഫീസർ**